(ബി) കെ. എം. ഫൈറിലിൻ എന്ന ഒരു കുട്ടിയുടെ പ്രസ്തുതസംഭവം സംബന്ധിച്ചുള്ള സങ്കടാപേക്ഷ ലഭിക്കുകയോ പ്രസ്താവന ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടുണ്ടോ ;

(സി) അതിന്മേൽ എന്തു നടപടിനടത്തി;

(ഡി) ഇത്തരംസംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആ കുട്ടികൾക്കു വേണ്ട സംരക്ഷണം നൽകാനും ഏർപ്പാടുചെയ്യുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നടപടി എടുത്തുകൊണ്ടിരിക്കുന്നു.

(ഡി) സംഭവത്തിന്റെ വിശദവിവരങ്ങളെപ്പറ്റി അന്വേഷിച്ച് അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വേണ്ടനടപടികൾ എടുത്തു വരുന്നു.

ആയുർവേദ ഡിസ്പെൻസറി.

* 78. [32] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ എത്ര ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടണമെന്നു കാണിച്ച് കുണ്ടറ വില്ലേജിൽ നിന്നും വല്ല നിവേദനവും വന്നിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനെപ്പറ്റി അനുകൂലമായ ഒരു തീരുമാനമെടുക്കാൻ ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ (1964–65) 6 ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്.

(സി) അതായത് ഡിസ്ട്രിക്കിലെ ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കൗൺസിലുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് പുതിയ ഡിസ്പെൻസറികളുടെ സ്ഥാനനിർണ്ണയം ചെയ്യുന്നത്. കോട്ടയം ഡിസ്ട്രിക്കിലെ ഡിസ്പെൻസറിക്ക് സ്ഥാനനിർണ്ണയം ചെയ്യുമ്പോൾ കുണ്ടറയുടെ കാര്യം കൂടി പരിഗണിക്കാം.

പുതിയ പോലീസ് സ്റ്റേഷനുകൾ.

* 79. [35] ശ്രീ. എൻ. കുഞ്ഞുരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ഇക്കൊല്ലം തുറക്കാൻ നിശ്ചയിച്ചിട്ടുണ്ട്;

(ബി) വാമനപുരം വില്ലേജിൽ കല്ലറ ജംഗ്ഷന്റെ പ്രാധാന്യവും ആവശ്യവും കണക്കിലെടുത്ത് ഒരു ചാർജിംഗ് സ്റ്റേഷൻ ഉടനടി തുറക്കുവാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly